ശ്രീ. വി.സി. കബീർ : സർ, ഈ നിയമസഭാ സമ്മേളനം കഴിഞ്ഞാൽ, അതായത് ഏപ്രിൽ മാസത്തിൽ ട്രാൻസ്പോർട്ട് വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രി റെയിൽവേ അധികൃതർ എം.എൽ.എ. മാർ എം.പി.മാർ എന്നിവരുടെ ഒരു സംയുക്തയോഗം വിളിച്ചുകൂട്ടാൻ ആരോഗ്യ വകുപ്പ് മുൻകൈയെടുക്കുന്നതാണ്.

(2) നീതി സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ

[10 A.M.] ശ്രീ. എം.പി. വർഗ്ഗീസ് : സർ, സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന നീതി സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അതിൽ പണിയെടുക്കുന്ന ജീവനക്കാരുടെ ജോലിസ്ഥിരത ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിനാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുന്നത്. ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ മിതമായ വിലയ്ക്ക് ജനങ്ങൾക്ക് എത്തിക്കുന്നതിനും അനുദിനം കുതിച്ചുയരുന്ന പൊതുമാർക്കറ്റിലെ വിലനിലവാരം പിടിച്ചു നിർത്തുന്നതിനും രണ്ടായിരത്തോളം വരുന്ന അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ ജോലി ഉദ്ദേശിച്ച് കേരളത്തിൽ ആയിരം പ്രാഥമിക സഹകരണസംഘങ്ങൾ വഴി ആസൂത്രിതമായ പരിപാടികളോടെ ഗവണ്മെന്റ് നടപ്പാക്കിയിട്ടുള്ള ഒരു പദ്ധതിയാണ് നീതി സ്റ്റോർ. നീതി സ്റ്റോറുകളുടെ പ്രവർത്തനം ആരംഭിച്ചതോടുകൂടി പൊതുമാർക്കറ്റിൽ ഗവണ്മെന്റ് ഇടപെടുന്നതിനും കുതിച്ചുയരുന്ന വിലനിലവാരത്തിന് ശാശ്വതമായ ഒരു പരിഹാരം ഇല്ലെങ്കിൽപ്പോലും ഒരു ഇടക്കാലാശ്വാസം എന്ന നിലയ്ക്ക് ഒരു സമീപനം സ്വീകരിക്കാനും കഴിഞ്ഞിട്ടുണ്ട് എന്ന കാര്യം ഞാൻ മറക്കുന്നില്ല. പക്ഷേ ഗവണ്മെന്റ് പ്രഖ്യാപിച്ച, അല്ലെങ്കിൽ ഗവണ്മെന്റ് ആഗ്രഹിച്ച തരത്തിൽ നീതിസ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്താൻ കഴിഞ്ഞിട്ടുണ്ടോ എന്ന കാര്യം ഒരു പരിശോധനയ്ക്കു വിധേയമാക്കേണ്ട ഒരു സന്ദർഭമാണിത്. പല നീതിസ്റ്റോറുകളിലും വേണ്ടത്ര സാധനങ്ങൾ സമയത്തിന് എത്താത്തതുകൊണ്ടും സാധനങ്ങളുടെ വിലയിൽ ഓപ്പൺ മാർക്കറ്റിലെ വിലയുമായി കാര്യമായ വ്യത്യാസമില്ലാത്തതുകൊണ്ടും നീതിസ്റ്റോറുകളുടെ വിൽപ്പന ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നില്ല. പല നീതിസ്റ്റോറുകളിലേയും വിൽപ്പന പരിശോധിക്കുമ്പോൾ ആയിരം രൂപയും അതിനടുത്ത തുകയ്ക്കുമാണ് നിൽക്കുന്നത്. പൊളിഞ്ഞു എന്നു പറയുന്നതിൽ ഒരു അർത്ഥവുമില്ല. ഞങ്ങൾ അങ്ങനെ കരുതുന്നുമില്ല. പൊതുമാർക്കറ്റിലെ വില പിടിച്ചുനിർത്തുന്നതിനു വേണ്ടി ഗവണ്മെന്റ് ഒരു പരിപാടി നടപ്പാക്കുമ്പോൾ അതിൽ കുറ്റമുണ്ടെങ്കിൽ കുറ്റമുണ്ടെന്നും കുറവ് ഉണ്ടെങ്കിൽ കുറവുണ്ടെന്നും ചൂണ്ടിക്കാണിച്ചുകൊണ്ട് കുറ്റമറ്റതാക്കി മാറ്റണമെന്നാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ കൊണ്ടുദ്ദേശിക്കുന്നത്. മാവേലിസ്റ്റോറുകൾ തുടങ്ങുമ്പോൾ പൊളിയും എന്നും പൊളിഞ്ഞു എന്നും ആഗ്രഹിക്കുന്നവർക്ക് തിരിച്ചടിയായി കേരളത്തിലെ മാവേലിസ്റ്റോറുകൾ ഏറ്റവും വലിയ സംവിധാനമാണെന്ന് പിന്നീട് ബോധ്യപ്പെട്ടു. അത്തരം ആളുകൾ അപ്പുറത്ത് ഉണ്ടെന്ന് എനിക്കറിയാം. ഞാൻ അതിനെ പരാമർശിക്കാനല്ല ആഗ്രഹിക്കുന്നത്. കുറവുണ്ടെങ്കിൽ കുറവുണ്ട് എന്ന് പറയണമല്ലോ. സിവിൽ സപ്ലൈസ് നന്നായി പോകുന്നു. നീതി സ്റ്റോറും നന്നായി പോകുന്നു. നീതി സ്റ്റോർ കുറച്ചുകൂടി നന്നായി പോകണമെന്നുതന്നെയാണ്

LIBRARY ARCHIVES Kerala Legislative Assembly

ഗവണ്മെന്റിന്റെ താൽപ്പര്യം. ഗവണ്മെന്റ് ശ്രദ്ധയിൽ അക്കാര്യം കൊണ്ടുവരുന്നതിനാണ് ഞാൻ ഉദ്ദേശിക്കുന്നത്. 75 നീതി മെഡിക്കൽ സ്റ്റോറുകൾ സഹകരണസംഘങ്ങൾ വഴിയും 3 എണ്ണം നേരിട്ടും അവർ നടത്തുന്നുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ നീതി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമതയോടുകൂടി മുന്നോട്ടു പോകുന്നുണ്ട്. കേരളത്തിലെ എല്ലാ പ്രദേശങ്ങളിലും താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിലും പ്രധാനപ്പെട്ട ആശുപത്രികളോടനുബന്ധിച്ച് നീതി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനെക്കുറിച്ച് ഗവണ്മെന്റ് ആലോചിക്കണം. ആശുപത്രികളിൽ മരുന്നിന്റെ വില എത്രയെന്ന് പാവപ്പെട്ട രോഗികൾക്കോ, മരുന്നു വാങ്ങാൻ പോകുന്നവർക്കോ ഒരു നിശ്ചയമില്ല എന്ന കാര്യം നമുക്കറിയാം. നീതി മെഡിക്കൽ സ്റ്റോറുകൾ വഴി മരുന്നിന്റെ വില 10 ശതമാനം മുതൽ 50 ശതമാനം വരെ കുറച്ചുകിട്ടുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത് പ്രശംസനീയമാണ്. ഈ സംവിധാനം കേരളത്തിന്റെ അല്ലാ പ്രദേശങ്ങളിലുമുള്ള താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളോടും പ്രധാനപ്പെട്ട ആശുപത്രികളോടും അനുബന്ധിച്ച് വിപുലപ്പെടുത്തുന്നതിനും ഇത് കുറ്റമറ്റതാക്കുന്നതിനും ഉള്ള ഒരു പദ്ധതി ഗവണ്മെന്റ് നടപ്പാക്കണമെന്നാണ് എനിക്ക് ഇതിനെ സംബന്ധിച്ച് പറയാനുള്ളത്. അതുപോലെ തന്നെ നീതി മെഡിക്കൽ സ്റ്റോറുകളിൽ കൊടുക്കുന്ന സാധനങ്ങൾ ഗുണമേന്മയുള്ളതാണെന്ന് ഉറപ്പുവരുത്താൻ കഴിയണം. സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്ന കടകളിൽ, സൂപ്പർ മാർക്കറ്റ് പോലുള്ള കടകളിൽ അരി മുതൽ അത്യാവശ്യമുള്ള എല്ലാ സാധനങ്ങളും ലഭ്യമാണ്. നീതിസ്റ്റോറുകളിൽ അത്തരത്തിൽ എല്ലാ സാധനങ്ങളും ഇപ്പോൾ ലഭ്യമല്ല. അതുകൊണ്ട് ഉപഭോക്താക്കൾ മറ്റ് കടകളെ ആശ്രയിക്കേണ്ടി വരുന്നതുകൊണ്ട് നീതി സ്റ്റോറുകളുടെ പ്രവർത്തനം മെച്ചമാക്കാൻ കഴിയുന്നില്ല. ഒരു നീതിസ്റ്റോറിൽ ചെന്നാൽ ഒരു കുടുംബത്തിലേയ്ക്ക് ആവശ്യമുള്ള എല്ലാ നിത്യോപയോഗ സാധനങ്ങളും ലഭ്യമാകും. അത് മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് കിട്ടും എന്ന് ഉറപ്പാക്കുന്നതരത്തിലുള്ള ഒരു നടപടിക്രമം ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. അതുപോലെ മറ്റൊരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത്, കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ ഒൻപതോളം ആഘോഷങ്ങളോടനുബന്ധിച്ചുള്ള വിശേഷ ദിവസങ്ങളിൽ നിത്യോപയോഗസാധനങ്ങൾക്ക് സബ്സിഡി കൊടുക്കും എന്ന് പ്രഖ്യാപിച്ചിരുന്നു. ഈ ബക്രീദിന് കൊടുത്തത് ഞാൻ മറക്കുന്നില്ല. ബക്രീദ് ആഘോഷ- സമയങ്ങളിൽ പതിനഞ്ച് ദിവസത്തോളം നീതിസ്റ്റോറുകൾ വഴി സബ്സിഡി റേറ്റിൽ അരിയും മറ്റ് നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്തതിന്റെ ഫലമായി ഈ കഴിഞ്ഞയാഴ്ചത്തെ വിറ്റുവരവിൽ ഗണ്യമായ തോതിലുള്ള വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അത്തരത്തിൽ ഓണം, വിഷു ഉൾപ്പെടെയുള്ള വിശേഷാവസരങ്ങളിൽ നിത്യോപയോഗ സാധനങ്ങൾക്ക് സബ്സിഡി കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കാൻ കഴിയണം. അതുപോലെതന്നെ നീതിസ്റ്റോറുകൾ കാര്യക്ഷമമാക്കാൻ കഴിയണമെങ്കിൽ നമ്മുടെ മാർക്കറ്റിലെ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തണം. അതിനുവേണ്ടി ശ്രമിക്കുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് നീതി സ്റ്റോറുകളുടെ പ്രവർത്തനത്തിനുവേണ്ടി 30 കോടി രൂപയെങ്കിലും ബഡ്ജറ്റിലോ, മറ്റേതെങ്കിലും മാർഗ്ഗത്തിലോ വകയിരുത്തി നീതി സ്റ്റോറുകളെ പരിപോഷിപ്പിക്കുന്നതിനുള്ള ഒരു സംവിധാനം ഉണ്ടാക്കുന്നതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ ഗ്യാസ് കണക്ഷന്റെ കാര്യത്തിലും പ്രശ്നമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇരുപത്തിരണ്ടായിരത്തോളം ഗ്യാസ് കണക്ഷനുകൾ നീതി സ്റ്റോറുകൾ വഴി കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ള കാര്യം ഞാൻ മറക്കുന്നില്ല. ഇരുപത്തിരണ്ടായിരത്തോളം ഗ്യാസ് കണക്ഷനുകൾ കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. 1991-92 -ൽ കൊടുത്ത അപേക്ഷകൾക്കുപോലും ഗവണ്മെന്റ് ഏജൻസികൾ വഴി കണക്ഷൻ കൊടുക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് കേരളത്തിലെ നീതി സ്റ്റോറുകൾ വഴി ഇരുപത്തിരണ്ടായിരത്തോളം കണക്ഷനുകൾ കൊടുക്കാൻ കഴിഞ്ഞത്. പക്ഷേ അതിൽ ഒരു പാകപ്പിഴ ഈ സമീപകാലത്ത് വന്നിട്ടുള്ളത് ഗ്യാസ് കണക്ഷനുകൾക്ക് റീഫിൽ സിലിണ്ടർ കിട്ടുന്നതിന് ചില തടസ്സങ്ങളും ബുദ്ധിമുട്ടുകളും വന്നിട്ടുണ്ട് എന്നതാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം ആന്ധ്രയിൽ തെരഞ്ഞെടുപ്പ് വരാൻ പോകുന്നു എന്നു മനസ്സിലാക്കിക്കൊണ്ട്, തെരഞ്ഞെടുപ്പ് ലാക്കാക്കികൊണ്ട് ഗ്യാസിന് വില കൂട്ടാതിരിക്കുന്നതിനും ഇപ്പോൾ വില കൂട്ടും എന്ന പ്രത്യാശയോടുകൂടി 'ശക്തി' പോലുള്ള സ്വകാര്യ ഗ്യാസ് വിതരണ ഏജൻസികൾ വില കൂട്ടുന്നതിനുംവേണ്ടി പൂഴ്ത്തിവയ്പ്പുകാരെപ്പോലെ നിൽക്കുന്നതുകൊണ്ടാണ് ഗ്യാസ് റീഫിൽ ചെയ്യാൻ തടസ്സം നേരിടുന്നത് എന്നാണ് മനസ്സിലാക്കുന്നത്. ഇപ്പോൾ ഗ്യാസിന് വില കൂട്ടാൻ പോകുന്നു എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. സ്വകാര്യ മേഖലയിൽ നിന്നും അത് വിടുതൽ ചെയ്തുകൊണ്ട്, പ്രത്യേകിച്ചും മലബാർ മേഖലയിൽ, കണ്ണൂർ, പാലക്കാട്, കോഴിക്കോട്, കാസർഗോഡ്, മലപ്പുറം മേഖലകളിൽ പെട്ടെന്ന് ഗ്യാസ് കണക്ഷൻ കിട്ടുന്നതിനും റീഫിൽ സിലിണ്ടർ പെട്ടെന്ന് കിട്ടുന്നതിനുമുള്ള സംവിധാനം ഉണ്ടാക്കുന്നതിനുള്ള ഒരു നടപടിക്രമം തുടങ്ങണമെന്നാണ് എനിക്ക് അതിനെ സംബന്ധിച്ച് പറയാനുള്ളത്. അങ്ങനെ എല്ലാ മേഖലയിലും നീതി സ്റ്റോറുകളെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ഗവണ്മെന്റ് കൈക്കൊള്ളണം. അതുപോലെ ആ രംഗത്തു പ്രവർത്തിക്കുന്ന 1,500-ഓളം വരുന്ന ജീവനക്കാരുണ്ട്. അവർ കമ്മീഷൻ വ്യവസ്ഥയിലാണ് ജോലി ചെയ്യുന്നത്. വിറ്റുവരവ് കുറയുമ്പോൾ കമ്മീഷൻ കുറയുന്നു. അതുകൊണ്ട് അതിന്റെ സെയിൽസ്മാൻമാർക്ക് താൽപ്പര്യവും കുറയുന്നു. അവർക്ക് ഒരു ദിവസം കിട്ടുന്ന വരുമാനം കുറയുമ്പോൾ സ്വാഭാവികമായും ജോലിയിലുള്ള താൽപ്പര്യം കുറയുന്നു. അതുകൊണ്ട് സഹകരണസംഘങ്ങൾക്ക് ഒരു മോണിറ്ററിംഗ് സമ്പ്രദായം ആവശ്യമാണ്. നീതി സ്റ്റോറുകൾക്ക് സഹകരണസംഘങ്ങളുമായി ബന്ധപ്പമുണ്ടാകുന്നതിനും സഹകരണസംഘങ്ങളുടെ ഡയറക്ടർ ബോർഡിനും ജീവനക്കാർക്കും ഈ കാര്യത്തിൽ ഈ കാര്യത്തിൽ താൽപ്പര്യമുണ്ടാക്കുന്നതിനുമുള്ള നടപടി സഹകരണ ഡിപ്പാർട്ടുമെന്റുവഴി സ്വീകരിക്കണം. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന് ആഗ്രഹിക്കുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് തുടങ്ങിവച്ച നീതി സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണം. അതുപോലെ ഗ്യാസ് കണക്ഷൻ ലഭിക്കുന്നതിനും ജീവനക്കാരുടെ വേതനം ഉറപ്പുവരുത്തുന്നതിനുമുള്ള സംവിധാനമുൾപ്പെടെയുള്ള കാര്യങ്ങൾ ആലോചിച്ച് സുഗമമായും, സുതാര്യമായും ദൃഢമായും കാര്യങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഗവണ്മെന്റിനോടും മന്ത്രിയോടും അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, 1997 ജൂലൈ 1 മുതലാണ് സംസ്ഥാനത്ത് നീതി സ്റ്റോറുകളുടെ പ്രവർത്തനം ആരംഭിച്ചത്. 1040 നീതി സ്റ്റോറുകളാണ് ആ ഘട്ടത്തിൽ അനുവദിച്ചിരുന്നത്. ഇപ്പോൾ കാര്യക്ഷമമായ പ്രവർത്തനം നടന്നുവരുന്നത് 879 നീതി

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റോറുകളിലാണ്. മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് ഗുണമേന്മ യുള്ള സാധനങ്ങൾ ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിനുള്ള സംവിധാനം എന്നുള്ള നിലയിലാണ് മാവേലിസ്റ്റോറുകളുടെ പ്രവർത്തനം ആരംഭിക്കു കയും അതിന് സഹകരണബാങ്കുകളെ ചുമതലപ്പെടുത്തുകയും ചെയ്തത്. ഈ കാലയളവിൽ 99.39 കോടിരൂപയുടെ വിറ്റുവരവ് 879 സ്റ്റോറുകൾ വഴി ഉണ്ടായിട്ടുണ്ട്. കുറേക്കൂടി സുശക്തമായ വിധത്തിൽ ഉപഭോക്താക്കൾക്ക് പര മാവധി പ്രയോജനം ലഭിക്കുവാൻ സാധിക്കുന്ന അളവിൽ ഇതിന്റെ സേവനം ലഭിക്കുന്നതിന് കാര്യക്ഷമമായ ചർച്ച നടത്തുകയും തീരുമാനം കൈക്കൊ ണ്ടുവരികയുമാണ്. ഇപ്പോൾ അതിന്റെ നടത്തിപ്പു യഥാസമയം മോണിറ്റർ ചെയ്യുന്നതിന്, സാധാരണഗതിയിലുള്ള മോണിറ്ററിംഗാണ് തുടരുന്നതെങ്കി ലും, കൺസ്യൂമർ മേഖലയിൽ ഏറെ പ്രയോജനം ലഭിക്കുന്ന ഒന്നാണിത് എന്നുള്ളതുകൊണ്ട് പ്രത്യേകം മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി നട പടികൾ ആരംഭിക്കണമെന്ന് ഫെഡറേഷന് ഗവണ്മെന്റ് ഇതിനകം നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഉത്സവ സീസണുകളിൽ സബ്സിഡി റേറ്റിൽ നിശ്ചിത ഐറ്റ ങ്ങൾ കൊടുക്കുന്നതിന് കഴിഞ്ഞ ബഡ്ജറ്റിലെപ്പോലെ ഇത്തവണത്തെ ബഡ്ജറ്റിലും 5 കോടി രൂപ ഗവണ്മെന്റ് മാറ്റിവച്ചിട്ടുണ്ട്. ഈ മേഖലയ്ക്കു വേണ്ടി നീക്കിവച്ചിട്ടുള്ള തുക പരിമിതമാണെന്ന് കണ്ടേയ്ക്കാമെങ്കിലും ചെറിയ സഹായംകൊണ്ട് വലിയ പ്രയോജനം സമൂഹത്തിന് കൊടുക്കുവാൻ കഴിയുന്ന ഒരു മേഖല എന്നുള്ള നിലയിൽ ഇത് പ്രയോജനപ്രദമാക്കാനാണ് ഗവണ്മെന്റ് ഉദ്ദേശിച്ചിട്ടുള്ളത്. അതനുസരിച്ച് ഫെഡറേഷന് ആവശ്യമായ നിർദ്ദേശം ഗവണ്മെന്റ് നൽകുന്നതാണ്. അനുവദിക്കപ്പെട്ടിട്ടുള്ള തുക ഫെഡ റേഷന് താമസിയാതെ റിലീസ് ചെയ്ത് കൊടുക്കുന്നതിനുള്ള നടപടി ഗവ ണ്മെന്റ് സ്വീകരിച്ചിട്ടുണ്ട്. നീതി സ്റ്റോർ സ്കീം നടപ്പിലാക്കുന്നതിനുവേണ്ടി 10.84 കോടി രൂപ സർക്കാർ ഫെഡറേഷന് പലിശയില്ലാ വായ്പയായി നൽകി യിട്ടുണ്ട്. 1998-99, 1999-2000 വർഷങ്ങളിൽ 72 ലക്ഷം രൂപ ഓഹരിയിനത്തിലും 48 ലക്ഷം രൂപ പലിശരഹിത വായ്പായിനത്തിലും 25.90 ലക്ഷം രൂപ സബ്സിഡി ഇനത്തിലും ഈ മേഖലയ്ക്കുവേണ്ടി സർക്കാർ ഇതിനകം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള ജില്ലാ അടിസ്ഥാനത്തിൽ ജെ.ആർ. തലത്തിലുള്ള മോണിറ്ററിംഗ് സിസ്റ്റം കൂടാതെ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സംഘങ്ങളാണ് ഇപ്പോഴിത് നടത്തിവരുന്നത്. സംഘത്തിന്റെ പ്രസിഡന്റും കമ്മിറ്റിയിലെ രണ്ട് അംഗങ്ങളും അതാത് സംഘ വുമായി ബന്ധപ്പെട്ട് സഹകരണവകുപ്പിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനും അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ച് രണ്ടാഴ്ചയിലൊരിക്കൽ പൊതുസ്ഥിതി മനസ്സിലാക്കി കുറവ് എവിടെയാണെന്ന് നോക്കി അത് പരിഹരിക്കുന്നതിനുള്ള മോണിറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുന്നതാണ്. നീതി മെഡിക്കൽ സ്റ്റോറുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച ആവശ്യം ഇവിടെ ഉന്നയിക്കുകയുണ്ടായി. 71 നീതി മെഡിക്കൽ സ്റ്റോറുകൾ ഇതിനകം ആരംഭിച്ചുകഴിഞ്ഞു. ജനങ്ങളിൽ നിന്നും നല്ല പ്രതികരണമാണ് അവയ്ക്ക് ലഭിച്ചിട്ടുള്ളത്. മരുന്നുണ്ടാക്കുന്ന ചില കമ്പനികളിൽ നിന്നും ചില ഘട്ടങ്ങളിൽ നിസ്സഹകരണ നിലപാട് വന്നയവസരത്തിൽ മുഖ്യമന്ത്രിതല ത്തിൽത്തന്നെ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർക്കുകയും കർശനമായ നിലപാടെടുക്കുകയും ചെയ്തതിനെത്തുടർന്ന് ഇപ്പോൾ മരുന്നുകമ്പനികൾ യഥേഷ്ടം മരുന്നു നൽകുന്നതിന് സന്നദ്ധമായിട്ടുണ്ട്. ഇടത്തട്ടുകാരെ ഒഴിവാക്കി ഉൽപ്പാദനകേന്ദ്രത്തിൽനിന്നുതന്നെ സംഭരിക്കുന്ന മരുന്ന് ഈ സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നതിന്റെ ഫലമായി മാർക്കറ്റ് വിലയേക്കാൾ

LIBRARY ARCHIVES Kerala Legislative Assembly

ഇരുപത്തിയഞ്ചും മുപ്പതും ശതമാനം കുറച്ച് മരുന്നുകൾ ഇവിടെനിന്നും കൊടുക്കുവാൻ കഴിയുന്നുണ്ട്. ജനങ്ങൾക്ക് ഏറെ പ്രയോജനകരമായി ഇതിന്റെ നേട്ടം കൈവരിക്കാൻ കഴിയുന്നുവെന്ന് മനസ്സിലാക്കി നീതി മെഡിക്കൽ സ്റ്റോറുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ട്. എല്ലാ മരുന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നീതി മെഡിക്കൽ സ്കീമിന് ഫെഡറേഷന്റെ 4.25 കോടി രൂപയും 75 സംഘങ്ങൾക്ക് 1 ലക്ഷം രൂപവീതവും ഓഹരി മൂലധനമായി സർക്കാർ അനുവദിച്ചുകൊടുത്തിട്ടുണ്ട്. നീതി ഗ്യാസ് കണക്ഷന്റെ കാര്യത്തിൽ 41,597 ഗ്യാസ് കണക്ഷനുകൾ ഇതിനകം നൽകിക്കഴിഞ്ഞിട്ടുണ്ട്. 32,100 പേർ ഗ്യാസ് കണക്ഷനുവേണ്ടി രജിസ്റ്റർ ചെയ്ത് കാത്തിരിക്കുകയാണ്. ഫെഡറേഷന്റെ നേതൃത്വത്തിൽ ഒരു ബോട്ട്ലിംഗ് പ്ലാന്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. ഗ്യാസ് റീഫിൽ ചെയ്യുന്നതിന് ഏജൻസികളുടെ ഭാഗത്തുനിന്നും ചില പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ട്. ശ്രീശക്തി എൽ. പി.ജി. കമ്പനി (ഹൈദരാബാദ്), കോൾഡി പെട്രോളിയം കമ്പനി (പാലക്കാട്) എന്നീ കമ്പനികളാണ് നീതി സ്റ്റോറുകൾക്ക് ഗ്യാസ് വിതരണം നടത്തുന്നത്. അവയുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള വീഴ്ച ഉപഭോക്താക്കൾക്ക് പ്രയാസമുണ്ടാക്കിയിട്ടുണ്ട്. ഗവണ്മെന്റിന് ഇതു സംബന്ധിച്ച് നിരവധി പരാതികൾ ലഭിക്കുകയുണ്ടായി. ആ പരാതികളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ന്യായമാണെന്ന് ഗവണ്മെന്റ് കരുതുന്നു. അടിയന്തിരമായും ഗ്യാസ് വിതരണത്തിലുള്ള അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി ഇന്ന് 11 മണിക്കുതന്നെ ഗവണ്മെന്റ് ബന്ധപ്പെട്ട ഏജൻസികളുടേയും ഫെഡറേഷന്റെയും യോഗം വിളിച്ചുചേർത്ത് തീരുമാനമെടുക്കുന്നതാണ്. അതാതു സംഘങ്ങളാണ് നീതി സ്റ്റോറുകളിലെ ജീവനക്കാരെ നിയമിച്ചിരിക്കുന്നത്. അതാതു സംഘങ്ങളിലെ വിൽപ്പനയിലെ കമ്മീഷനാണ് ജീവനക്കാർക്ക് സാലറിയായി കൊടുക്കുന്നത്. വിൽപ്പന നഷ്ടമാണെങ്കിൽ ആ ജീവനക്കാരെ സംബന്ധിച്ചിടത്തോളം സ്വാഭാവികമായും സംഘത്തിന് സേവനം ലഭിക്കാതെ വരുന്നു. അങ്ങനെയുള്ള ബുദ്ധിമുട്ടും പ്രയാസവും സംഘങ്ങൾക്കുണ്ട്. സംഘങ്ങൾക്ക് വേണ്ടത്ര സബ്സിഡി കിട്ടാതെ വരുന്നതുകൊണ്ട് ചില സംഘങ്ങൾക്ക് നഷ്ടമാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ നല്ല നിലയിൽ കൃത്യമായി നടത്താനും കഴിയും. അതാതു സംഘങ്ങളാണ് കമ്മിഷൻ വ്യവസ്ഥയിൽ സെയിൽസ്മാൻമാരെ നിശ്ചയിച്ചിട്ടുള്ളത്. സംഘങ്ങൾക്ക് ഇതു സംബന്ധിച്ച് സംഘത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനാവശ്യമായ തീരുമാനമെടുക്കാവുന്നതാണ്. നിലവിലുള്ള വ്യവസ്ഥകൾക്കും നിയമങ്ങൾക്കും വിധേയമായി അതു സംബന്ധിച്ച് സംഘത്തിന്റെ നിലനിൽപ്പുകൂടി നോക്കിക്കൊണ്ട് ഈവക കാര്യങ്ങളിൽ തീരുമാനമെടുക്കുന്നത് അതാത് സംഘങ്ങളാണ്. ഇതാണ് അത് സംബന്ധിച്ച് ഗവണ്മെന്റിന് വ്യക്തമാക്കാനുള്ളത്. ഇവിടെ ചൂണ്ടിക്കാണിച്ചുള്ള കമ്മിഷൻ വ്യവസ്ഥയിലുള്ള ഇത്തരം സെയിൽസ്മാൻമാർക്ക് സ്ഥിരം ജീവനക്കാർക്കുള്ള ആനുകൂല്യങ്ങളും പരിരക്ഷയും ഇന്നത്തെ സാഹചര്യത്തിൽ അനുവദിക്കുന്നത് പ്രയാസമുണ്ട്. വിൽപ്പന വർദ്ധിപ്പിച്ചുകൊണ്ട് ഇവർക്ക് കൂടുതൽ കമ്മിഷൻ ലഭ്യമാക്കി അവരുടെ സേവനം പ്രയോജനപ്പെടുത്തുക എന്നതുമാത്രമായിരിക്കും പ്രായോഗികമായി ചെയ്യാൻ കഴിയുന്നത്.

<u>ശ്രീ. എം.പി. വർഗ്ഗീസ്</u> : നീതി സ്റ്റോറുകൾവഴി എല്ലാ നിത്യോപയോഗ സാധനങ്ങളും ലഭിക്കുന്ന വിധത്തിൽ, സൂപ്പർമാർക്കറ്റ് സിസ്റ്റംപോലെ

LIBRARY ARCHIVES Kerala Legislative Assembly

നീതിസ്റ്റോറുകളെ ബലപ്പെടുത്തുന്നതിനുള്ള ശ്രമം ഗവണ്മെന്റിന്റെ ഭാഗത്തു നിന്നും ആരംഭിക്കുവാൻ കഴിയുമോ?

ശ്രീ. എസ്. ശർമ്മ : ഇപ്പോൾ നടത്തിവരുന്നതിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ സമ്മിശ്ര പ്രതികരണമുണ്ട്. പൊതുവിൽ സമൂഹത്തിന് പ്രയോജനം ലഭിക്കുന്നതാണെന്ന് കണ്ടിട്ടുണ്ട്. അതു കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനു സാധ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

V. വ്യക്തിപരമായ വിശദീകരണം

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, എന്നെപ്പറ്റി ഒരു പ്രസ്താവന വന്നത് നിഷേധിക്കുന്നതിനുള്ള വ്യക്തിപരമായ വിശദീകരണത്തിനാണ് ഞാൻ എഴുതിക്കൊടുത്ത് അനുമതി കിട്ടിയിട്ടുള്ളതാണ്. ഞാൻ ഇന്നലെ ടൗണിൽ നാല് മീറ്റിംഗുകളിൽ പ്രസംഗിച്ചു. ആ പ്രസംഗങ്ങളിലൊന്നും സഭാമേലധികാരികളെ നൊമ്പരപ്പെടുത്തുന്ന തരത്തിൽ യാതൊരു സ്റ്റേറ്റ്മെന്റും ഞാൻ നടത്തിയിട്ടില്ല. പത്രങ്ങളിൽ വന്ന വാർത്ത ഞാൻ നിഷേധിക്കുന്നു ..... (ബഹളം) .....

മി. സ്പീക്കർ : അതു നിഷേധിച്ചല്ലോ. അദ്ദേഹം പറഞ്ഞു, അങ്ങനെ നടത്തിയിട്ടില്ല, നിഷേധിക്കുന്നു എന്ന്. അത്രയേയുള്ളൂ. നിങ്ങൾ ഒച്ചപ്പാടുണ്ടാക്കരുത്.

കഴിഞ്ഞ ദിവസം മാറ്റിവച്ചതുൾപ്പെടെയുള്ള സബ്മിഷൻസ് ഇന്നുണ്ട്. ഇന്ന് ചർച്ച നടക്കുന്നതുകൊണ്ട് സബ്മിഷൻസ് ചുരുക്കിപ്പറയണം. ചുരുങ്ങിയ സമയംകൊണ്ട് തീർക്കുവാൻ കഴിയണം.

VI. സബ്മിഷൻ

(1) എറണാകുളം ജില്ലയിൽ വ്യാപകമായി സംഭവിക്കുന്ന തീപിടിത്തം

ശ്രീ. എം.എ. തോമസ് : സർ, എറണാകുളം ജില്ലയിൽ തീപിടിത്തം ഒരു സാധാരണ സംഭവമായി മാറിക്കഴിഞ്ഞു. മാർച്ച് മാസം 12-ാം തീയതി മട്ടാഞ്ചേരി നിയോജകമണ്ഡലത്തിൽ ഈശ്വർദാസ് ആന്റ് സൺസ് എന്ന റബ്ബർ കമ്മീഷൻ ഏജൻസി സ്ഥാപനത്തിന്റെ ഗോഡൗണിന് തീപിടിച്ച് ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടം ഉണ്ടായിരിക്കുന്നു. പ്രസ്തുത സ്ഥാപനം ഏതാണ്ട് ആറര-ഏഴ് കോടിരൂപയുടെ സെയിൽസ് ടാക്സ് വിഹിതം ഗവണ്മെന്റിലേയ്ക്ക് നല്കുന്നുണ്ട്. തീപിടിത്തം സംഭവിച്ചത് ഏതെങ്കിലും സാമൂഹ്യ വിരോധികൾ തീവച്ചതുകൊണ്ടാണെങ്കിൽ അവരെ കണ്ടുപിടിക്കുന്നതിനും അതല്ല ആക്സിഡന്റലായിട്ട് സംഭവിച്ചതാണെങ്കിൽ ഭാവിയിൽ അഗ്നിശമനസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, എറണാകുളം ജില്ലയിലെ മട്ടാഞ്ചേരിയിൽ ഈശ്വർദാസ് ആന്റ് സൺസ് എന്ന റബ്ബർ കമ്മീഷൻ ഏജൻസി ഓഫീസ് മുറിക്ക് 12.3.2000-ന് രാത്രി തീപിടിച്ചു. ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്മാരും ഫയർ സർവീസ് ഉദ്യോഗസ്ഥന്മാരും സ്ഥലത്തെത്തി തീ നിയന്ത്രണ വിധേയമാക്കി. കാലപ്പഴക്കമുള്ള കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ

LIBRARY ARCHIVES Kerala Legislative Assembly